# e - തുള്ളികൾ

**DIGITAL MAGAZINE**

**LITTLE KITES - 20042**

**TSNMHS Kundurkunnu**

**താളുകളിലൂടെ....**

ഞാൻ....4
ഗാന്ധിജി....5
സൂത്രക്കാരൻ ആയ കുറുക്കൻ....6
അമ്മ....7
മഴ....8
എന്റെ സ്നേഹിത....9
സൗഹൃദം....11
തെച്ചിപ്പഴം....12
അമ്മ....13
എടവപ്പാതി....14
വലിയവരുടെ വാക്ക്....15
പ്രതീക്ഷ....17
അമ്മ....18
തിങ്കളേ ,നീ മാഞ്ഞിടല്ലേ....20
കാണാനാകാതെ....21
പ്രളയം പറഞ്ഞത്....23
മഴ....26
ഭംഗി....27
മഴ....28
മഴ....29
കൂട്ടുകാർ....30
നിശ....30
വർണ്ണ പൂന്തോട്ടം....31
പുതുമഴ....32
മഴ....33
കിണറിലെ രാക്ഷസൻ....33
മാറ്റം....34
പ്രാവിന്റെ കുറ്റബോധം....36
മലയാളം....37
മനുഷ്യനോട്....38
സ്നേഹം....39
ഗാന്ധിജി....40
മാനത്ത് കണ്ട ജയം....41
അച്ഛൻ....42
അന്തരംഗാന്തരമാവുന്ന കാറ്റ്....43

അമ്മയുടെ പിറന്നാൾ സമ്മാനം..........44

**ഞാൻ**

**------------------------------------------------------------**


**ഞാനെന്ന പട്ടുവൃക്ഷം**



**കടപുഴകാൻ സമയമായി**

**നനവാർന്ന മിഴികൾ**

**ഇരവുകളെണ്ണാൻ തുടങ്ങി**



**മന്ദസ്മിതം തൂകി എന്നരികിലെത്തും**

**കാറ്റിന്റെ മധുരമിന്നെവിടെപ്പോയി**

**ദിനമെന്നോട് കുശലം പറഞ്ഞിടാൻ**

**എത്തുന്ന പക്ഷികൾ എവിടെപ്പോയി**

**കളകളം കരഞ്ഞുക്കൂട്ടായിനിന്ന**

**അരുവിതൻ കളനിസ്വരം എവിടെപ്പോയി**

**ഞാനെന്ന പട്ടുവൃക്ഷം**

**കടപുഴകാൻ സമയമായി**

**Adil 9A**

ഗാന്ധിജി

***ഗാന്ധിജി എന്നൊരു മുത്തച്ചൻ***


***നമ്മുക്ക് തന്നു സ്വതന്ത്രം***

***ബ്രിട്ടീഷ്ക്കാരുടെ ഭരണത്തിൽ***

***നിന്നുമകറ്റിയ മുത്തച്ചൻ***

***ജീവൻവെടിയും നേരത്തും***

***നെഞ്ചിൽ***



***പൊൻകൊടി ചൂടിയ മുത്തച്ചൻ***

***നാഥൂറാം എന്നൊരു മുത്തച്ഛൻ***


***ജീവൻ പൊലിഞ്ഞ മുത്തച്ഛൻ***

***ഇന്ത്യ എന്നൊരു രാജ്യത്തിനു വേണ്ടി***

***ജിവൻ ത്യജിച്ച മുത്തച്ഛൻ***

***Afsal K***

# സൂത്രക്കാരൻ ആയ കുറുക്കൻ



ഒരു ദിവസം ഒരു കാട്ടിൽ ഒരു ആന ഉണ്ടായിരുന്നു. ആ ആന വളരെ ക്രൂരൻ ആയിരുന്നു. അത് അതിലൂടെ പോകുന്നവരെ എല്ലാം പേടിപ്പിച്ച് വിടുമായിരുന്ന .അപ്പോകുറുക്കൻ നല്ല ബുദ്ധി ഉണ്ടായിരുന്നു.അത് കൊണ്ട് കുറുക്കൻ ഒരു സൂത്രം കാണിക്കാം എന്ന് ആലോചിച്ചു. പണ്ട് സിംഹത്തെ കൊന്നത് പോലെ ആനയെയും കൊല്ലാമെന്ന് അവർ തീരുമാനിച്ചു. എന്നിട്ട് അവർ ആനയെ വിളിച്ച് കൊണ്ട് വന്നു. അവർ ആനയോട് പറഞ്ഞു. നിന്നെ പേടിപ്പിക്കാൻ കുളത്തിൽ ആന വന്നിട്ടുണ്ട്. എന്നിട്ട് അവർ ആനയെ കുളത്തിലേക്ക് വിളിച്ച് കൊണ്ട് പോയി. അത് നല്ലആഴമുള്ള കുളമായിരുന്നു. അവർ അവിടെ എത്തി. ആന അത് കണ്ടതും അതിലേക്ക് എടുത്തുചാടി. അങ്ങനെ അങ്ങനെ എല്ലാവരുടെയും പേടി മാറി.

മുഹമ്മദ്‌അജ്ഞാസ്.പി

# അമ്മ



നാം സ്നേഹിച്ചില്ലേലും നമ്മെ തിരിച്ച്

സ്നേഹിക്കുന്ന ജീവിയാണവർ

കരഞ്ഞു കരഞ്ഞു കണ്ണുനീർ വറ്റിയ

അവർ തൻ മിഴികളിൽ

എനിക്കു കാണാം പടർന്നു കയറുന്ന

അലിവിന്റെ സ്പർശം

അടുക്കളയെന്ന കരിപ്പുരയെ കെമിസ്ട്രി

ലാബെന്നു വിശേഷിപ്പിക്കുമവർ

എന്നിനുള്ളിൽ ജനിപ്പിച്ച സംശയം

ഇന്നും കാണാമറയത്ത്

അവരൊരു ജീവിയോ അതോ ഒരു

പഴന്തുണിക്കെട്ടോ?

**അമൃത.വി 9B**

# മഴ



തുള്ളി  തുള്ളിയായ് ഭൂമിയിൽ
ഉണരുന്ന മഴ
വെള്ളാരം കല്ലാൽ
വെട്ടിത്തിളങ്ങുന്ന മഴ
മേഘത്തിൻ വിടവുകളിലൂടെ
നണഞ്ഞ് നണഞ്ഞ്
പുഞ്ചിരി ളുകി എത്തുന്ന
മഴ ഈ മധുരമാം മഴ

ആർദ്ര.പി.കെ 9B

## ബാല്യം



തുമ്പീ നിനക്കൊന്ന് പോയ് വരാമോ
പണ്ട് ഞാൻ കളിച്ചൊരാ മാഞ്ചുവട്ടിൽ
പാറിപ്പറന്ന നീ ചുറ്റം തിരയണേ
പണ്ടെന്നോ വീണ്ടപോയെൻ
ബാല്യത്തെ
 കീഴെകിടക്കുന്നിലയിലും പൂവിലും
കാണാം നിനക്കെൻ്റ കുഞ്ഞുകാലം

ഗോപിക. എ 9D

# എന്റെ സ്നേഹിത

എങ്ങു നിന്നോ വന്നു നീ
എന്റെ പ്രിയതമയായി മാറി നീ
എന്നിലിഞ്ഞു ചേർന്നു നീ
എന്റെ മാത്രമായ് മാറി നീ

എന്നോടായടുത്തു നീ
എന്റെയോരോ വാക്കിലും
നീ മാത്രമായോമലേ...........

നഷ്ടമാം സൗഹൃദങ്ങളെ
നിഷ്ടയാലിന്നു നേടുവാൻ
എന്റെ ജീവന്റെ ജീവനായ്
എന്നേക്കുമായ് മാറി നീ
ഇല്ല പിരിയില്ലൊരിക്കലും സഖീ...........
നീയെന്നാത്മാർഥ സ്നേഹിത

-AYISHA



# സൗഹൃദം



കൂട്ടമായ് പറക്കുന്ന
പക്ഷികൾകിടയിൽ
വളരുന്ന സൗഹൃദത്തിൻ വലുപ്പം
കൂട്ടമായ് നടക്കുന്ന
കുട്ടികൾക്കിടയിൽ
വളരുന്ന സൗഹൃദത്തിൻ വലുപ്പം
സൗഹൃദത്തിൻ വലുപ്പത്തിൽ നീണ്ടു-
കിടക്കുന്ന ഒരു കൂട്ടുകെട്ട്
കൂട്ടുകെട്ടിൻ ആഴം അറ്റുപോകാതെ-
നടക്കണം എന്നും നമ്മൾ...

-ഫാത്തിമ ഹന്നത്ത് 9 C

**തെച്ചിപ്പഴം**



ഒരു ദിവസം ഒരു തത്ത ഏകാദശി നൊയമ്പ്
നോൽക്കാനൊരുങ്ങി. അങ്ങനെയിരിക്കെ
രാവിലെ കുളികഴിഞ്ഞ് ഒരു  വാഴമേൽ
ചെന്നിരുന്നു അപ്പോൾ ആ വാഴ കീറുകയും
താഴെയുണ്ടാ യിരുന്ന മുള്ളിൻ കൂട്ടത്തിലേക്ക്
വീഴുകയും ചെയ്തു അങ്ങനെ മുള്ള് കാലിൽ
കുത്തിയ തത്തമ്മ ഞൊണ്ടി ഞൊണ്ടി
വൈദ്യരുടെ അടുത്തെത്തി.വൈദ്യർ
തത്തമ്മയോട് പറഞ്ഞു തെച്ചിക്കാട്ടിലെ പഴുത്ത
തെച്ചിപ്പഴം
കഴിച്ചാൽ മതി.തെച്ചിക്കാട്ടിൽ ഒരു
തെച്ചിപ്പഴമേ ഉണ്ടായിരുന്നുള്ളൂ അത് ആ
തത്തമ്മ എടുത്ത് ഒരു കിണറ്റിനരികിൽ
കൊണ്ടുവന്നുവെച്ചു അപ്പോൾ തെച്ചിപ്പഴം
ഉരുണ്ട് താഴോട്ട് വീണു അതെടുക്കാൻ ചെന്ന
തത്തമ്മയുടെ കാലിൽ എന്തോ ചുറ്റിയതായി
അതനു തോന്നി നോക്കിയപ്പോഴതാ ഒരു
സുവർണ്ണക്കട്ടി.ഇത് കാട്ടിലാകെ പാട്ടായി.ഇതു

കേട്ട അഹങ്കാരിയായ കാക്കമ്മ തനിക്കും
അങ്ങനെ സുവർണ്ണക്കട്ടി
വേണമെന്നാവേശംകൊണ്ട് ഏകാദശി
നോറ്റ ഇഹനെയെല്ലാം ചെയ്തു പക്ഷേ
കാക്കമ്മക്ക് കിട്ടിയത് കരിക്കട്ടയാണ്

**ഈ കഥയിൽ നിന്നും നമുക്ക് മനസിലാക്കാം അത്യാഗ്രഹം ആപത്ത്**

**HARIPRIYA .A.C 9D**

**അമ്മ**



ഓരോമുള്ളിന്നുമപ്പുറം
പുലരുന്ന പൂക്കളെ
കാണാൻ പഠിച്ചെന്നെ
വളർത്തിയമ്മ......

സഹനകാലത്തി-
ന്നിടവപ്പാതിയിൽ
മഴ നനക്കാതെൻ
ത്ങ്ങായ് നിന്നവനെന്റെ
പൊന്നു അമ്മ.

- ഫൈസൽ 9F

**എടവപ്പാതി**



മഴയുടെ വരവിനായ് കാതിരികുന്ന ഞാൻ

മഴയുടെ ഒളിവില്ല കാണുവാനായ്

എടവപാതിയിൽ പാതിയിൽ പാതിരാ രാതറിയിൽ

നിനെ ഞാൻ ഓർകുനെൻപൂമഴയെ

(മഴയുടെ വരവ്)

ഇനിമേടമാസതിൻ പുലരിയിൽ

എവിടെയാ നിൻ മണിനാദം

നിനെതിരയയുന്ന നിനെ ഓർകുന്ന

യെൻ പൂമഴയെ

കാനനചോലയിൽ പാതിരാ രാതറിയിൽ

കാണാതെ കാണുനെൻ പൂമവഴയെ

മനോജ്.കെ 9B

**വലിയവരുടെ വാക്ക്**



ഒരു കാട്ടിൽ ചെങ്കുത്തായ ഒരു പാറയുടെ മുകളിൽ കുറേ

മൂങ്ങകൾ താമസിച്ചിരുന്നു. അവയിൽ ഒരു പ്രായമായ മൂങ്ങ

ഉണ്ടായിരുന്നു. മറ്റ് മൂങ്ങകൾ മൂങ്ങമ്മാവനെ എപ്പോഴും

കളിയാക്കികൊണ്ടിരിക്കും. ചെങ്കുത്തായ പാറയുടെ മുകളിലായത് കൊണ്ട് വേടന് മൂങ്ങകളെ പിടിക്കാൻ കഴിഞ്ഞിരുന്നില്ല. കുറേ ദിവസങ്ങൾ കഴിഞ്ഞപ്പോൾ പാറയുടെ മുകളിലേക്ക് ഒരു ചെടി വളരുന്നതായി മൂങ്ങമ്മാവൻ കണ്ടു.

ഉടനെ തന്നെ മൂങ്ങമ്മാവൻ മറ്റ് മൂങ്ങകളോട് പറഞ്ഞു:ആ വള്ളി ചെടി ഇപ്പോൾ തന്നെ കൊത്തി നശിപ്പിച്ചില്ലെങ്കിൽ പിന്നീട നമുക്കത് ഉപദ്രവം ഉണ്ടാക്കും. പക്ഷെ മൂങ്ങകൾ അത് കേട്ട ഭാവം നടിച്ചില്ല. പിന്നീട് ആ വള്ളി ച്ചെടി വളർന്ന് വലുതായി പൊട്ടാത്ത ഒരു വലിയ ചെടിയായി മാറി.

ഒരു ദിവസം മൂങ്ങകൾ തീറ്റ തേടി പോയ സമയം വേടൻ

ആ ചെടിയിലൂടെ പിടിച്ച് കയറി പാറയുടെ മുകളിൽ വല വിരിച്ചു. തീറ്റ തേടി പോയി വന്ന മൂങ്ങകൾ വേടന്റെ വലയിൽ കുടുങ്ങി. മൂങ്ങമ്മാവൻ മാത്രം കുടുങ്ങിയില്ല. "അപ്പോഴാണ് മൂങ്ങകൾക്ക് മനസ്സിലായത് വലിയവരുടെ വാക്ക് കേൾക്കേണമെന്ന്". അവർ മൂങ്ങമ്മാവനോട് ക്ഷമ ചോദിച്ചു.



MISLA. M

# പ്രതീക്ഷ




ഭൂമുഖം എന്ന സ്ഥലത്ത് ഒരു രാജാവ് ഉണ്ടായാരുന്നു.വളരെ നല്ല ആളായിരുന്ന ആദ്ദേഹം.ജനങ്ങളുടെ ക്ഷേമത്തിനും സന്തോഷത്തിനും തന്നാൽ കഴിയുന്നത് ചെയ്യാൻ യാതൊരു മടിയം ഉണ്ടായിരുന്നില്ല.ഒരുപാട് ശത്രുരാജ്യങ്ങളോട് പോരാടി അനേകം ത്യാഗങ്ങൾ സഹിച് രാജ്യം സംരക്ഷിച് പോരുകയായിരുന്ന അദ്ദേഹം.അദ്ദേഹം ആരോടും ശത്രുമനോഭാവം വെച്ച് പുലർത്താതെ എല്ലാവരോടും സ്നേഹത്തിൽ കഴിയുകയായിരുന്നു.ആദ്ദേഹംരാജ്യത്തിന്റെ എല്ലാമെല്ലമായിരുന്നു. കാലങ്ങൾ നീങ്ങിക്കൊണ്ടിരുന്നു.സ്വപ്ന തുല്യമായ ജീവിതം നയിച്ച്കൊണ്ടിരിക്കുന്ന രാജ്യത്ത് അദ്ദേഹം സ്വപ്നം കണ്ട ശാന്തിയും സമാധാനവും പുലരുന്നത് കണ്ട് അസൂയമൂത്ത് മറ്റൊരു വിഭാഗം എങ്ങനെയെകിലും അദ്ദേഹത്തെ വകവരുത്താൻ തീരുമാനിച്ചു അവർ അതിന് തക്കം പാത്ത്കാത്തിരികുകയായിരുന്നു അവരുടെ ആഗ്രഹം നിറവെറി കാലം പിന്നെയും നീങ്ങികൊണ്ടിരുന്നു.ആ രാജ്യം ക്രമേണ നിക്ഷിപ്ത താൽപര്യ കാരുടെ കയ്യിൽ എത്തി. അങ്ങെനെ ആ രാജ്യം നഷിക്കാൻ തുടങ്ങി.ഇപ്പോൾ ആ രാജ്യക്കാർ വളരേ ദുഖ തിലാണ് ആ പഴയ രാജിനെ കുറിച് ചിന്തിക്കാൻ തുടങ്ങി.ആപഴയ രാജാവിനെ പേലെയുള്ള രാജാവിന് ലഭിക്കും എന്ന പ്രതീക്ഷയിലാണ് അവർ

## "നന്മ വളരും തിന്മ തളരും"

Muhammed Binshad


# അമ്മ



തെറ്റുകൾ തിരുത്താൻ ദൈവമായ്
അറിവുകൾ പകരാൻ അധ്യാപകരായ്
ആവശ്യങ്ങൾ നിറവേറ്റാൻ അചഛനായ്
എന്നും കൂടെ കളിക്കാൻ കൂട്ടുക്കാരായ്
എന്നും എപ്പോഴും കൂടെ എൻ അമ്മയായ്
എല്ലാ നാളു കാളിലും കൂടെ നടക്കാനായ്-
എന്നും എപ്പോഴും വരും എന്നമ്മ
അറിവിൻ വെളിച്ച മായ്-
തുറക്കും എന്നമ്മയുടെ മധുരമാം -
മനസ്സിൻ ജാലകം .

നാഹിദ ഷെറിൻ.കെ 9c

# തിങ്കളേ ,നീ  മാഞ്ഞിടല്ലേ




തിങ്കളേ , നീ മാഞ്ഞിടല്ലേ
നിൻ ശോഭ അണച്ചീടല്ലേ
ഇരുളടഞ്ഞ പാരിൽ നിൻ-
ശോഭ തൻ വെളിച്ചം
തിങ്കളേ, ഞാൻ ചൊന്നീടട്ടെ-
എൻ കൗതുകത്തിൽ
ഓമനേ , നിൻ ശോഭയെ ഞാൻ ആസ്വദിച്ചീടട്ടേ -
എൻ ആനന്ദത്തിൽ
ഓമനേ , നിൻ ശോഭ തൻ നന്മ
തിങ്കളേ , നിൻ വെളിച്ചം തൻ സൗന്ദര്യം

രജനിയിൽ എത്തീടണേ തിങ്കളേ
നിൻ ശോഭ കാത്തിരിക്കും ഞാൻ

പാരിൻ ശോഭയാണ് നീ
പാരിൻ വെളിച്ചമാണ് നീ

തിങ്കളേ നീ മാഞ്ഞിടല്ലേ
നിൻ ശോഭ അണച്ചീടല്ലേ

-നാജിയ ഷെറിൻ .ടി  9D

**കാണാനാകാതെ**

ദുഃഖവും സ്വപ്നവും ഉള്ളിൽ ഒതുക്കി ശാന്തമായി സ്വഛമായി തെളിനീർ പോലെ ഒഴുകിക്കൊണ്ടേയിരുന്നു. കാറ്റിന്റെ വെമ്പൽ പോലും കേൾക്കാതെ... സൂര്യകിരണങ്ങളുടെ സ്പർശന മാധുര്യത്തോടെ... ഒരു നിമിഷം ആ കണ്ണുകളിൽ നിന്നും കണ്ണീരുറവ പൊട്ടിയൊഴുകി. ആ കണ്ണീ രിൽ സൂര്യന്റെ ചൂടു പോലും തളർന്നുപോയി. അത് സഹിക്കാൻ ആകാശത്തിനു പോലും കഴിഞ്ഞില്ല.

അമ്മയുടെ കൈയിൽ തൂങ്ങി ആദ്യമായാ നഗരം കാണാനിറങ്ങുകയാണ് അച്ചൂസ്. വർണാഭമായ പല വസ്തുക്കളുംഅവന്റെ കണ്ണിനെ വിസമയിപ്പിച്ചു.പോകുന്ന വാഹനങ്ങൾ കണ്ടപ്പോൾ അവന് പേടിയായെങ്കിലും നഗരം അവനിഷ്ടമായി.

ഗ്രാമത്തിനോടുപമിക്കാനാവില്ലെങ്കിലും നഗരവും അതിസുന്ദരമാണ്. നഗരം നടന്നു കണ്ട് അവന് കൊതി തീരുന്നേയില്ല. പക്ഷെ, അച്ഛന് തിരക്കായതിനാൽ അവർ വേഗം തിരിച്ചു പോകാനൊരുങ്ങി. അച്ഛൻ കാർ റോ

ഡിനപ്പുറമാണ് നിർത്തിയിരുന്നത്. റോഡ് ക്രോസ് ചെയ്യാനൊരുങ്ങുമ്പോൾ അവന് പേടിയായി.അമ്മയുടെ കൈയിൽ പിടിച്ചിട്ടും അവന്റെ പേടി മാറിയില്ല. അവൻ കാൽ റോഡിൽ വെച്ചതും ഹോണടിച്ച് ചീറിപ്പാഞ്ഞു വന്ന കാർ അവനെ ഇടിച്ചു തെറിപ്പിച്ചു. ചോരയിൽ കുളിച്ച് കിടക്കുന്ന അച്ചുസിനെ കാണാനാകാതെ സൂര്യൻ പോലും മേഘങ്ങൾക്കിടയിലൊളിച്ചു

നാജിയ തസ്നീം. പി. പി 9c

# <u>പ്രളയം പറഞ്ഞത്</u>



ആധുനിക സമൂഹത്തിന്റെ ഇരച്ചുകയറൽ പ്രകൃതിക്കെതിരെ തിരി-ഞ്ഞപ്പോൾ പ്രകൃതി അതേപടി തിരിച്ചടിച്ചു . മനുഷ്യരുടെ വനന-ശീകരണം വർദ്ധിച്ചപ്പോൾ ജല തടയണിയായിരുന്ന മരങ്ങൾ നശിച്ച് പ്രളയജലം ഉയർന്ന് മാനവകുലത്തിന് നാശം സൃഷ്ടിച്ചു മനുഷ്യരുടെ അത്യാഗ്രഹം ദുഷ്കരമായി ,അവർക്കൊരിറ്റു വെള്ളത്തിനായി യാചിക്കേണ്ടി വന്നു.അഹംഭാവവും അസൂയയും മനുഷ്യർക്ക് നാശമേ സൃഷ്ടിക്കുകയൊള്ളൂ. സുഖസൗകര്യങ്ങൾ ആർക്കും അനശ്വരമല്ല എന്ന കിളിനാദം ദൈവത്തിന്റെ സ്വന്തം നാട് തിരിച്ചറിഞ്ഞു.

പരസ്പരം അത്യാഗ്രഹവും അസൂയയും വെച്ചുകൊണ്ട് കൊമ്പുകോർത്തവർ ഒത്തൊരുമയുടെ വള്ളിതേടി. ഭിന്നിപ്പു - കളാകുന്ന പടുകൂറ്റൻ മതിലുകൾ കൊണ്ട് വേർതിരിവ് നിർമിച്ചത് പ്രളയജലം നിരത്തിവെച്ചു. ഭിന്നിപ്പുകൾ ഉണ്ടായിരുന്നവർക്ക് പ്രളയം നൽകിയത് ഒരു പായയിൽ വിശ്രമിക്കാനും ഒരേ പാത്രത്തിൽ വയററു നിറയ്ക്കാനുമായിരുന്നു. ഒത്തൊരുമയുടെ പാഠങ്ങൾ കേരളനാട് മനസ്സിലാക്കാൻ പ്രളയം വരേണ്ടി വന്നു. സുഖസൗകര്യങ്ങൾക്കു വേണ്ടി ആഢംഭര വീടുകൾ നിർമ്മിച്ചവർ വരെ ദരിദ്രരോടൊപ്പമായി ധനികനും ദരിദ്രനും എന്ന വേർത്തിരിവ് മാറി ഒത്തൊരുമയുടെ വരിയിലേക്ക് അവർ ഒരുമിച്ചണിചേർന്നു.

മനുഷ്യരെന്നും മനസ്സിന്റെ താഴെതട്ടിൽ ഇടം നൽകിപ്പോന്ന മത്സ്യ തൊഴിലാളികൾക്ക് പലരുടെയും മനസ്സിൽ ഇന്ന് വലിയ സ്ഥാനമാണുള്ളത്. പ്രാണനു വേണ്ടി കൈകൾ നീട്ടിയവർക്ക് രക്ഷയും ആശ്വാസവും മത്സ്യതൊഴിലാളികളായിരുന്നു. ഇത് വഴി ജനമനസ്സുകളിൽ സമത്വം പുനർജനിച്ചു .


പ്രളയം മനുഷ്യർക്ക് നൽകിയത് അത്യാഗ്രഹത്തിന്റെ ദുഷ്ഫലവും ഒത്തൊരുമയുടെ പ്രധാന്യവുമാണ്.

............................. .................... ...............................
.

-RAHEESA

# മഴ

ദൈവമായെന്നെ തൊടുത്തുവിട്ടു
തൻബാണത്തിൽനിന്നും
ഏതൊരു ശരം തൻ എൻ
മനത്തിൽ തറച്ചുകേറി
ആ ശരമേറ്റു പൊടിഞ്ഞ മുറിവുകൾ
ഒരു വെള്ളി നൂലോ
അതോ ഒരു പളുങ്കു മണിയോ
ചിഞ്ഞിത്തെറിച്ചത്
പവിഴശോഭയാൽ
അങ്ങേതോ വാനിൽ
ഇരച്ചുവന്നൊരാ കറുത്ത ചെട്ടിച്ചിതെൻ
ആണതിൻ ഉറവിടം
അതെന്നും എപ്പോഴും



റജ്ല 9C

# ഭംഗി



പൊട്ടിവീഴുന്നിതാ മാനത്തു നിന്നോരു
മായാത്ത മഴവില്ല് പോലെ
ഒരു മായാത്ത മഴവില്ല് പോലെ
കണ്ണട ച്ചോടുന്ന,താഴേക്കുനോക്കുന്ന
മിന്നുന്ന താരകം പോലെ
ഒരു മിന്നുന്ന താരകം പോലെ
ആരിവൾക്കേകിയിന്നാരിവൾക്കേകി
ഇത വശ്യമനോഹരഭംഗി
ഈ വശ്യമനോഹരഭംഗി
കാണുന്നതൊക്കയും മിന്നുന്നിതാ
ഇന്നു കാണുന്ന തൊക്കെയും മിന്നുന്നിതാ
കാണാതെ കാണുന്നു,അറിയാതെ തിരയുന്നു
പെട്ടെന്നു മറയുന്നവൾ അവൾ മറയാതെ
മറയുന്നവൾ വഴിതെറ്റിയോഎന്ന സംശയത്താൽ ?

~RASHID

# മഴ

മഴക്കെടുതിയിൽ  പോയി  ജനങ്ങൾ
തൻ  കുട്ടിയുണ്ടാക്കിയ വീടു  പറമ്പുകളും
കാലാവസ്ഥതൻ  കുസൃതിക്കു  പിന്നിലായി
ഭീകരത  ഒളിളുങ്ങി  കിടന്നിടുന്നു
മനുഷ്യർതൻ  കണ്ണീർ  നിറഞ്ഞിടുന്ന

ഈ കെടുതിയിൽ മഴയെ വെറുത്തിടുന്നു
എന്നാൽ വേനൽ വന്നാൽ പഥിച്ചിടുന്നു
മനുഷ്യർതൻ ക്രൂരത വഴിവക്കിൽ
മഴയുടെ പ്രതിവിധി പ്രതികൂലമയ്

മനുഷ്യന്റെ  ക്രൂരത  എപ്പോൾ  നിൽക്കുന്നവേ
അന്നേരം  മഴയുടെ  വീര്യം  കുറഞ്ഞിടുന്നു
മഴയേ മഴയേ പോവരുതെ  എപ്പോഴും നിൻ
സാനിധ്യം  ഞങ്ങൾക്ക് ആവശ്യമാണ്

- Rihana

# മഴ

പവിഴ മഞ്ഞുപോൽ
വാനിൽ വിരിയുന്ന അമ്മതൻ
സ്നേഹം നുകർന്നൊരു തേന്മഴ
കുഞ്ഞു പുഷ്പങ്ങൾ തൻ
ചുണ്ടിലലിയുന്ന കാറ്റിൻ മാധുര്യം
പകർന്നൊരു  പൊന്മഴ
ആടി ഉലഞ്ഞു നടക്കുന്ന
കുട്ടികൾതൻ സ്നേഹം പകർന്നു
കളിക്കുന്ന പൂമഴ



*Shahana. K*

# <u>കൂട്ടുകാർ</u>



ജന്മ ജന്മാന്തരങ്ങൾ ക്കപ്പുറംതന്നെ
നമ്മൾ പരിചിതരായിരുന്നപോലെ
ഓർമകളിൽ മോഹങ്ങളിൽ
തുമ്ബിയെകല്ലെടുപ്പിച്ചും
മഴത്തുള്ളിയോട്കിന്നാരം പറയുകയും
ഒന്നായ്ഒരുപാത്രത്തിൽനിന്നുണ്ടുറങ്ങിയയവർ
കൂട്ടുകാർ നമ്മൾ...
പക്ഷെ ഇതെല്ലാം വെറും മോഹങ്ങളല്ലെ
ബാല്യകാലം നമുക്കോരുമിച്ചുണ്ടായില്ലല്ലോ
എങ്കിലും ഏതോനിയോഗം പോലെ
നിന്നരികിലെത്തി ഞാൻ...
പിരിയാതിരിക്കട്ടെ മറവികൽ മറക്കാതിരിക്കട്ടെ
നമ്മുടെ സ്നേഹവും സൗഹൃദവും എന്നുമെന്നും.....

*Shafana 9C*

# <u>നിശ</u>



ചെമ്പകം പൂവിട്ട സന്ധ്യവറ്റി
വണ്ടുമൂളുന്ന പകലിടങ്ങൾ
സന്ധ്യതൻ യാമങ്ങൾ
നിദ്രയിലാണ്ടുപോയ്
വിശ്രാന്ത ഭൂമിക പോലെയായി
നിശതന്റെ ഗന്ധം വീചിയായ്
എൻ കാതിന്റെ കോണിൽ പതിച്ചിടുന്നു

ഷാദിയ ഷെറിൻ :കെ 9C



# വർണ്ണ പൂന്തോട്ടം

പരന്നു കിടക്കുന്ന മിന്നിൽ
പലനിറങ്ങളിൽ
വർണ്ണങ്ങളിൽ, ഭാവങ്ങളിൽ
ഒരു മനോഹരമാം പൂന്തോട്ടം
വണ്ണ പരവതാനി വിരിച്ചപോലെ
ഇരു കൈകൾ നീട്ടിവിളിക്കുന്നു

അരികത്തണയാൻ
മാറിലേക്ക് ചേരുവാൻ
അമൃദു സ്പരശനത്തിൻ
അലിഞ്ഞു പോയി ദുഃഖങ്ങൾ
ഒരു തലോടലായ് തഴുകലായ്
ഒരു സാന്ത്വനത്തിൻ പ്രതീക്ഷയായ്

Safwan 9F

# പുതുമഴ

മഴ വന്നു മാനം തെളിഞ്ഞു

കാർമേഘങ്ങൾ വന്നു

മാനത്തു നിന്നൊരു വെള്ളിനൂൽ

പോലെ വെൺ താരകം പോൽ

മഴ വന്നു പിന്നെ

കാറ്റും ഇടിയും കൂടെ

ഇടിവെട്ടി പൊൻ മഴയായ്

ആകാശമാം തെളി നീലാ

കാശത്തിൽ സപ്ത നിറങ്ങൾ

തെളിലഞ്ഞു വന്നു

എല്ലാം തീർന്നു

ആകാശം തെളിഞ്ഞു

Sabith 9F

# മഴ



*കതോർത്തു നിന്നു ഞാൻ*
*മഴയെഅറിയാൻ*
*തുള്ളിപോൽ എൻമനസിൽ പതിയാൻ*

*കണീരിൽ കുതിർന്ന് നിൽക്കുന്ന മഴയെ പെടിപ്പി കാൻ*
*ഇടിയെന്ന അട്ടഹാസം*
*കെൾക്കാൻ കാതോർത്തു നിന്നിരുന്ന കാലം*
*കാലംതൻ മായികമെൻ വെദനകൾ*
*ഒർമകൾ തൻ വെദനകൾ വെരോടെ പറിച്ചു കള്ളയും*
*പിന്നെ മനസ്സിലെ കെത്തും സന്തോഷം*

***ഫാത്തിമത്ത് ശിഫ പി 9D***

## കിണറിലെ രാക്ഷസൻ

ഒരിടത്ത് ഒരിടത്ത് ഒരു ഗ്രാമത്തിൽ വടക്കെ ഭാഗത്ത് ഒരു കിണർ ഉണ്ടായിരുന്നു.

അതിനപ്പുറത്ത് വലിയ ഗ്രൗണ്ടുണ്ടായിരിന്നു. അവിടെ കുട്ടികൾ കളിക്കാറുണ്ടായിരുന്നു. ഒരു ദിവസം കളിക്കുന്നതിനിടെ ആ കിണറിലേക്ക് പന്ത് വീണു. ഒരു കുട്ടി അതെടുക്കാൻ നോക്കിയപ്പോൾ ഒരു കൈ വന്ന് കുട്ടിയെ അടിയിലേക്ക് കൊണ്ട് പോയി.കുറേ സമയം കഴിഞ്ഞിട്ടും ആ കുട്ടിയുടെ അവശിഷ്ടം പോലും കിട്ടിയില്ല. കുറച്ച് നേരം കഴിഞ്ഞ് ബുദ്ധിമാനായ രാമു എന്ന കുട്ടി വന്ന് കിണറിലേക്ക് നോക്കി. അപ്പോൾ അവന് എല്ലാ കാര്യവും മനസ്സിലായി.

അവൻ അവന്റെ കൂട്ടുകാരനെ വിളിച്ച് കൊടുന്നു.അവർ രണ്ട് പേരും കിണറ്റിലേക്ക് ചാടി. അപ്പോൾ അവിടെ ഒരു കതക് കണ്ടു. എന്നിട്ട് അവർ പോലീസിനെ വിളിച്ച് കൊണ്ടുവന്നു. അവിടുത്തെ കൈറ്റമതിക്കാരെ കാണിച്ച് കൊടുത്തു.





Shibin 9C

# മാറ്റം

എൻ്റ അമ്മയാ,എന്റെ സ്വന്തം അമ്മ

അനുജൻ അമ്മയോട് ഒട്ടിനിന്നു

പോടാ അവിടന്ന്... അമ്മ എന്റേം കൂടെയാ...

ഏട്ടൻ...

രണ്ടു പേരും വാശിപ്പിടിച്ചു

അമ്മ ചിരിച്ചു

കാലം കുറെ കഴിഞ്ഞു

അമ്മയ്ക്ക് വയസ്സായി

ഏട്ടൻ നോക്കട്ടെയെന്ന്

അനുജൻ



അമ്മ നിൻ്റതും കൂടെയാണെന്ന് ഏട്ടൻ

വഴക്ക് മുറുകി

അമ്മ കരഞ്ഞു....

Shamseer Ali



# <u>പ്രാവിന്റെ കുറ്റബോധം</u>

ഒരിടത്ത് രണ്ട് പ്രാവുകൾ ഉണ്ടായിരുന്നു . അനിയത്തി പ്രാവും ചേട്ടത്തി പ്രാവും .ഒരിക്കൽ അവർ രണ്ട് പേരും തീറ്റ അന്വോഷിച്ചിറങ്ങിയപ്പോൾ പാറുന്നതിനിടയിൽ താഴെ കുറച്ച് പയർ മണികൾ കണ്ടു അവർ അത് എടുത്ത് വീട്ടിൽ കൊണ്ടു പോയി.ശേഷം ചേട്ടത്തി അനിയത്തിയോട് പയറുമണി വറുക്കാൻ പറയുകയും ആ പയറുമണികൾ അളന്നു ഇതിൽ നിന്ന് ഒന്നു പോലും കഴിക്കരുത് എന്ന് പറഞ്ഞ് പോയി.കുറച്ച് കഴിഞ്ഞ്   ചേട്ടത്തി പ്രാവ് തിരിച്ച് വന്ന് പയറുമണികൾ അളന്നു നോക്കിയപ്പോൾ പയറുമണി കുറഞ്ഞതായി കാണ്ടു.കാര്യമറിയാതെ അനിയത്തിയോട് ദേഷ്യപ്പെടുകയും ദേഷ്യം സഹിക്കവയ്യാതെ അനിയത്തിയെ കൊത്തി കൊല്ലുകയും  ചെയ്തു. കുറച്ചുനാളുകൾക്ക് ശേഷം ചേട്ടത്തി പ്രാവ് തീറ്റ അന്വേശിച്ച് ഇറങ്ങിയപ്പോൾ കുറച്ച് പയറുമണികൾ കണ്ടു. അത് കൊത്തിയെടുത്ത് വീട്ടിൽ കൊണ്ടുപോയി പ്രാവ് പയറുമണി അളന്നു നോക്കിയതിന് ശേഷം വറുത്തു. വറുത്ത പയറുമണി വീണ്ടും അളന്നു നോക്കി. അപ്പോൾ പയറുമണി

കുറഞ്ഞതായി കണ്ടു. പയറുമണികൾ വറുത്താൽ കുറഞ്ഞു പോകും എന്ന കാര്യം അപ്പോഴാണ് ചേട്ടത്തി പ്രാവിന് മനസ്സിലായത്. കാര്യം അറിയാതെയാണ് താൻ തന്റെ അനിയത്തിയെ കൊന്നു കളഞ്ഞതെന്ന കുറ്റബോധം കൊണ്ട് നാടുവിടുകയും ചെയതു

shahma . cp

# മലയാളം

മലയാളമെ നിന്നെ അറിയുന്നു കാണുന്നു

ഓർക്കുന്നു ഞാൻ

പറയാൻ മറന്ന നിൻ ഓർമ്മയിൽ


ഇന്നു ഞാൻ അറിയാതെ അലിയുന്നുവോ

കേൾക്കാതെ കേൾക്കുന്ന

മണിനാദമിന്നെൻ്റ കാൽ ചിലമ്പെവിടെ

shahinsha

# <u>മനുഷ്യനോട്</u>



തണലേകും തരുക്കളും
കുളിരേകും അരുവിയും
പകരം കൊടുത്ത് നാം
വാങ്ങിയതെന്താണ് ?
ഫ്ളാറ്റന്ന കെട്ടിടം
പടുത്തുയർത്തീട്ടിന്ന്
ജീവിതം സുഖിച്ച്
വാഴുന്നോനിങ്ങൾ ?
വെന്തു നീറുന്നൊരാ
പ്രകൃതി തൻ
വെമ്പൽ ഒന്ന് ചെവി
യിൽ കേട്ടൂടെ നിങ്ങൾക്ക് ?
പ്രകൃതി തൻ തിരിച്ചടി
ദുരന്തങ്ങളായിന്ന് ദിനവും
കേട്ടു കൊണ്ടിരിക്കുന്നില്ലേ
നിങ്ങൾ ?
ഇനിയും മാറ്റമില്ലേ
മനുഷ്യ നിനക്ക് ?



-SHINUBIYA

# സ്നേഹം



ഒരിടത്തൊരിടത്ത് ഒരു അമ്മയും കുഞ്ഞും ഉണ്ടായിരുന്നു . അവൾക്ക് ആ അമ്മയെ ഇഷ്ട്മല്ലായിരുന്നു . അങ്ങനെ ഒരു ദിവസം അമ്മയക്ക് നല്ല ചുട്ടുപെള്ളുന്ന പനി ഉണ്ടായി. പക്ഷെ അമ്മയെ വെറുക്കുന്ന ആ മകൾ അവരെ നോക്കിയില്ല . അങ്ങനെ പെട്ടെന്ന് ഒരു ദിവസം അമ്മയക്ക് പനി കൂടിയപ്പോൾ അവൾ പേടിക്കൊണ്ട് ആശ്രുപത്രിയിൽ കൊണ്ടുപോയി . അപ്പോഴേക്കും അമ്മ അവളെ വിട്ടു പോയിരുന്നു . അവൾ ഒരു തുള്ളി കണ്ണുനീർപ്പോലും പൊഴിച്ചില്ല. പിന്നെയുള്ള അവളുടെ ജീവിതം മുഴുവനും കണ്ണീരിന്റെ ഉപ്പുക്കലർന്ന ജീവിതമായിരുന്നു . അപ്പോഴാണ് അവൾ മരിച്ചുപ്പോയ സ്വന്തം അമ്മയുടെ വില മനസിലാക്കിയത്.

സിബിത :സി

# ഗാന്ധിജി

*ഗാന്ധിജി എന്നൊരു മുത്തച്ഛൻ*

*നമ്മുക്ക് തന്ന സ്വതന്ത്ര്യം*

*ബ്രിട്ടീഷ്ക്കാരുടെ ഭരണത്തിൽ*

*നിന്നുമകറ്റിയ മുത്തച്ഛൻ*

*ജീവൻവെടിയും നേരത്തും നെഞ്ചിൽ*

*പൊൻകൊടി ചൂടിയ മുത്തച്ഛൻ*

*നാഥുറാം എന്നൊരു മുത്തച്ഛൻ*

*ജീവൻ പൊലിഞ്ഞ മുത്തച്ഛൻ*

*ഇന്ത്യ എന്നൊരു രാജ്യത്തിനു വേണ്ടി*

*ജിവൻ ത്യജിച്ച മുത്തച്ഛൻ*

*Sinan K*

# മാനത്ത് കണ്ട ജയം

പത്ത് വർഷത്തെ വിശ്രമം

പക്ഷെ ആ വിശ്രമം ഒരു പരിശ്രമം-

പോലും ഉണ്ടാക്കിയില്ല.

ആ പത്ത് വർഷം

ഓരോ ദിനരാത്രികൾ

ഇന്നെനിക്ക് വെറും പരാജയങ്ങൾക്കുള്ള-

വഴിമാത്രമേ തുറന്നൊള്ളൂ.



പക്ഷെ പതിനൊന്നാം വർഷം-

ഒരു വിജയ വർഷം തന്നെ.

പണിതുയർത്താൻ കച്ച

കെട്ടിയിരിക്കുന്നു.

ഇപ്പോൾ പരാജയത്തിന്റെ വാതിൽ-

പൊളികൾ തന്നെ ഇല്ലാതായിരിക്കുന്നു.

***SITHARA MUFEEDA***

# അച്ഛൻ

നൊന്തുപെറ്റ അമ്മയെ കുറിച്ച്
പറയാൻ എനിക്കും നിങ്ങൾക്കും
വാക്കുകൾ മാത്രം പോര....

രാപകലില്ലാതെ നിനക്കു മാത്രം
രാവ് പകലാക്കിയ
അച്ഛനെ പുകഴ്ത്താൻ എന്തോ വാക്കുകൾ കിട്ടുന്നില്ലേ..
അച്ഛന്റെ വിയർപ്പിന്റെ മധുരം കൊണ്ടാണ്
നീയിന്ന് അമ്മയെ കാണുന്നത്

അമ്മയെ വാഴ്ത്തുന്ന നാവുകൊണ്ട് നീ അച്ഛനെ വാവ്ത്തുന്ന നാവ്
കൊണ്ടു നീ അച്ഛനെ വാഴ്ത്തുന്നുണ്ടോ......

സുമയ്യ കെ 9D

# അന്തരംഗാന്തരമാവുന്ന    കാറ്റ്

*മലയാളനാടിൻ അമ്മയെപോലെന്നിൽ*

*സ്നേഹസ്പന്ദനം  കേട്ടുഞാൻ*

*ഹൃദയത്തിൻ അറയിലെ ഗന്ധം*

*കൊണ്ടുനീ, എൻ ചായയിൽ നിഷ്കർഷ കൊണ്ടു*

*വന്നു*

*എന്നാലും ഉഢുപക്ഷിയാലും നീ*

*എന്നെ പ്രത്യഹം കടത്തിവിട്ടു നീ*

*ഇമയിലെ സ്വപ്നലോകത്തിലേക്ക്*

*കുളിരുകൊണ്ടെന്നെ കൊണ്ടുപോയി*

*പായും വെളിച്ചത്തെ തൊടുവാൻ നോക്കുമ്പോ*

*നീയല്ലെ കാറ്റെ കൊണ്ടു പോയത്*

**സ്വാലിഹ് കെ**



# അമ്മയുടെ പിറന്നാൾ സമ്മാനം

അനിൽ പത്താം ക്ലാസിൽ പഠിക്കുന്നവിദ്യർ

ത്തിയാണ്.അവന്റെ അമ്മക്ക്അവൻമാത്രമേ..ഒള്ളൂ.അഛൻ അവന്റെ

ചെറുപ്പത്തിൽതഞ്ഞേ മരിച്ചുപോയി.അവന്റെ അമ്മ പണിക്ക്പോയാണ്

അവനെ വളർത്തുന്നത്. അവൻ ക്ലാസിൽ പഠിതത്തിൽ ഒന്നാമതാണ്

.അതുകൊണ്ട് തന്നെ അവനെകൊണ്ട് അമ്മക്ക് വലിയ പ്രതീക്ഷയാണ്.

ഒരു ദിവസം സ്കൂളിലേക്ക് പോകുമ്പോൾഅവൻ ചോദിച്ചു :'അമ്മേ..ഇനി

രണ്ടു ദിവസമേ എന്റെ പതിനഞ്ചാം പിറന്നാളിന്.അമ്മഎനിക്ക്

എന്തുസമ്മാനമാണ് തരുന്നത്.' അപ്പോൾ അമ്മ

പറഞ്ഞു;നിനക്ക്എന്ത്സമ്മാനമാണ് നൽകേണ്ടത് ?' അമ്മയുടെ

ആവാക്കുകൾഅവനെ ഏറെ

സന്തോഷപ്പെട്ടുത്തി.അവൻസ്കൂളിലേക്ക്പോയി. നേരംഉച്ചയായിഅനിൽ

ക്ലാസിൽതലകറങ്ങിവീണു.കുട്ടികൾടീച്ചർ

മാരെവിളിച്ചു.അവന്ബോധംവരുന്നതേഇല്ല.ആശുപത്രിയിൽ

കൊണ്ടുപോയി.ഡോ:പറഞ്ഞു"കുട്ടിയുടെ രണ്ട് വൃക്കകളുംകേട്

വന്നിട്ടുണ്ട്ഉടൻതന്നെ വൃക്കസംഘടിപ്പിക്കണം"ടീച്ചർമാർ

അവന്റെഅമ്മയെവിവരംഅറിയിച്ചു.പിന്നെഒരാഴ്ചകഴിഞ്ഞു.അനിൽ
വീട്ടിൽ

തിരിച്ചെത്തി.അവൻഅമ്മയെതിരക്കി.കിടക്കയില്നിന്നുംഅവന്ഒരുക

ത്ത്കിട്ടി."പ്രയപ്പെട്ടമോന്അമ്മഎഴുതുന്നു.മോനിന്ന്ഈകത്ത്

വായിക്കുന്നഅതിനർത്ഥംമോൻഅസുഖംമാറിവീട്ടിൽ

തിരിച്ചെത്തിഎന്നതാണ്.പിന്നെനിനക്ക്എന്താണഅസുംഎന്ന്റയുമോ?. പിന്നെനീ ചോതിച്ചില്ലെ?..നിന്റെജന്മദിനത്തിന്അമ്മ എന്തുസമ്മാനംമാണ് നൽകുന്നതെന്ന് .എന്നാൽമോൻകേട്ടോ..! അമ്മയുടെവിലപ്പിടിപ്പുള്ളത് അമ്മയുടെ വൃക്ക.!

അമ്മ ഇപ്പോൾ ആശ്രുപത്രിയിലാണ്.അമ്മക്ക് മോനെകാണാൻ കൊതിയാകുന്നുണ്ട്. നീ വരില്ലേ......? നിനക്ക് വേണ്ടി ഞാൻ കാത്തിരിക്കുന്നു.

എന്ന്നിന്റെ സ്വന്തംഅമ്മ''

അവന്റെ കവിളിലൂടെ കണ്ണുനീർ ഒഴുകി.അമ്മയെ കാണാനുള്ളതിടുക്കത്തിൽ ആശ്രുപത്രയിലേക്ക് പാഞ്ഞു.....



വഹീദ.അമ്മ

യുടെ പിറന്നാൾ സമ്മാനംഎം

ശുഭം